## യൂണിറ്റ് 3
## നാടിനെ രക്ഷിച്ച വീരബാഹു

**പഠന ലക്ഷ്യങ്ങൾ**

- കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നു അഭിനയിക്കുന്നു
- ഇഷ്ടപ്പെട്ട കഥാസന്ദർഭങ്ങൾ അംഗചലനങ്ങളും ഭാവങ്ങളും സമന്വയിപ്പിച്ച് അഭിനയിക്കുന്നു
- കഥയുടെ തുടർച്ച കഥാംശം ചോർന്നു പോകാതെ എഴുതുന്നു
- ഉച്ചാരണ ശുദ്ധിയോടെ ഭാവാത്മകമായി വായിക്കുന്നു

**പ്രതീക്ഷിത സമയം** : 15 മണിക്കൂർ

**സാമഗ്രികൾ** : മുഖംമൂടിച്ചിത്രങ്ങൾ, ചാർട്ടുപേപ്പർ, മാർക്കർ, ക്രയോൺസ്, പശ, വടി

**പ്രവർത്തന ക്രമം :**

**മുഖംമൂടി നിർമ്മാണം**

ഈച്ച, തവള, മുത്തശ്ശി, രാജു എന്നിവരുടെ കട്ടൗട്ടുകൾ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കരുതണം ഓരോ കുട്ടിക്കും നൽകണം.

**നിർമ്മാണ രീതി :**

- കട്ടൗട്ടിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ നാലു ഗ്രൂപ്പാക്കുന്നു
- ഗ്രൂപ്പുകൾക്ക് ആവശ്യമായ പശ , കത്രിക , ക്രയോൺസ് , ചാർട്ട് പേപ്പർ എന്നിവ ലഭ്യമാക്കുന്നു
- മുഖംമൂടി നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളും ചെയ്ത് കാണിച്ചുകൊണ്ട് കുട്ടികളെ കൊണ്ട് ചെയ്യിക്കുന്നു.
- നൽകിയ ചിത്രത്തിന് നിറം നൽകുന്നു
- ചിത്രം ചാർട്ട് പേപ്പറിൽ ഒട്ടിക്കുന്നു, വെട്ടിയെടുക്കുന്നു
- കട്ടൗട്ട് സ്റ്റിക്കിൽ ഒട്ടിച്ച് വടിപ്പാവ നിർമ്മിക്കുന്നു

**പാവനാടകം**

ഗ്രൂപ്പായിത്തിരിഞ്ഞ് ഭീകരൻ പാവനാടകത്തിന്റെ ഒന്നാം ഭാഗം വായിക്കുന്നു (ടെക്സ്റ്റ് ബുക്ക് പേജ് നമ്പർ 60) വായിച്ചശേഷം ഓരോരുത്തരുടെയും റോളുകൾ തീരുമാനിക്കുന്നു തുടർന്ന് അവനവന്റെ ഭാഗം വായിക്കുന്നു വ്യക്തിഗതമായി വായിക്കുമ്പോൾ വായനയിൽ പ്രയാസം നേരിടുന്നവർക്ക് ടീച്ചർ പിന്തുണ നൽകുന്നു

***രണ്ടാംഘട്ട വായന : (ഭാവാത്മകവായന)***

ടീച്ചർ ഒരു കഥാപാത്രത്തിന്റെ സംഭാഷണഭാഗം മുഴുവനായും ഭാവാത്മകമായി ഉറക്കെ വായിച്ച് അവതരിപ്പിക്കുന്നു. തുടർന്ന് കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നുവെന്ന് ടീച്ചർ ഉറപ്പാക്കുന്നു (പിന്തുണ നടത്തം )

കഥാപാത്രങ്ങളായി ഗ്രൂപ്പ് റിഹേഴ്സൽ ചെയ്യുന്നു

**പൊതു അവതരണം :**

ഗ്രൂപ്പുകൾ ഒന്നാം ഭാഗം (പേജ് 60) പാവനാടകരൂപത്തിൽ അവതരിപ്പിക്കുന്നു. ഓരോ അവതരണവും കുട്ടികൾ വിലയിരുത്തുന്നു. ഒന്നാം ഗ്രൂപ്പിന്റെ അവതരണം. തുടർന്ന് മറ്റു ഗ്രൂപ്പുകളുടെ അവതരണം ഫീഡ്ബാക്ക് നൽകുന്നു

- ശബ്ദവ്യതിയാനം, ഭാവം, അംഗചലനങ്ങൾ എന്നിവ കഥാപാത്രങ്ങൾക്ക് അനുയോജ്യമായിരുന്നോ?
- എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ ആവശ്യമുണ്ടോ?

കഥയുടെ തുടർന്നുള്ള ഭാഗങ്ങൾ വായിക്കുന്നു വ്യക്തിഗതമായി വായിച്ചശേഷം ഓരോ കുട്ടിയും തന്റെ സംഭാഷണം ഭാവാത്മകമായി അവതരിപ്പിക്കുന്നു. ശേഷം ഗ്രൂപ്പുകൾ റിഹേഴ്സലുകൾ നടത്തുന്നു. വിലയിരുത്തൽ തുടരുന്നു.

ക്ലാസ് വാട്സ്ആപ്പ് കൂട്ടായ്മ, സ്കൂൾ റേഡിയോ എന്നിവയിലൂടെ പോസ്റ്റർ , അറിയിപ്പ് എന്നീ രൂപത്തിൽ പ്രചരണം നടത്തുന്നു.

***രണ്ടാം ക്ലാസിലെ കൂട്ടുകാർ അവതരിപ്പിക്കുന്നു....***
***ഭീകരൻ പാവനാടകം ജൂലൈ 21ന് 2:00 മണിക്ക് ബാലസഭയിൽ പങ്കെടുക്കുമല്ലോ.***

(സ്കൂളിന്റെ സാഹചര്യം അനുസരിച്ച് അസംബ്ലി, സർഗ്ഗവേള, രക്ഷിതാക്കളുടെ യോഗം, എന്നിവയിൽ അവതരിപ്പിക്കാം. കുട്ടികളുടെ അവതരണം സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിക്കാം )

**കണ്ടെത്തൽ വായന :**

ടീച്ചർ അനുയോജ്യമായ ചോദ്യങ്ങളിലൂടെ കണ്ടെത്തൽ വായനയിലേക്ക് നയിക്കുന്നു.

ആരെയാണ് ഭീകരൻ എന്ന് വിളിക്കുന്നത്? പാഠഭാഗത്തിൽ ഇതുപോലുള്ള ചോദ്യങ്ങൾ ചോദിക്കുന്നതിന് കുട്ടികൾക്ക് അവസരം നൽകുന്നു.

- പാഠഭാഗത്തിൽ ട, ഡ വരുന്ന വാക്കുകൾ കണ്ടെത്തി പറയാമോ?
- തമാശയുള്ള വാക്യങ്ങൾ കണ്ടെത്താമോ ?
- വിശേഷണം ചേർന്ന വാക്കുകൾ കണ്ടെത്തിപ്പറയൂ?
  - സ്വർണ്ണക്കണ്ണുകൾ
  - പളുങ്കുചിറകുകൾ
  - വരയൻകുപ്പായം

രോഗങ്ങളെക്കുറിച്ച് പരാമർശിക്കുന്ന ഭാഗങ്ങൾ വ്യക്തിഗതമായി കണ്ടെത്തി അവതരിപ്പിക്കുന്നു. നിർമ്മാണം, അഭിനയം, വായന എന്നീ മേഖലകളിലെ വിലയിരുത്തൽ നടത്താം.

**പരിസരനടത്തം**

എനിക്കിഷ്ടപ്പെട്ട സംഭാഷണം

വിദ്യാലയവും പരിസരവും നിരീക്ഷിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

സചിത്ര പുസ്തകത്തിൽ 'ഞങ്ങൾ പറഞ്ഞത്' ഇഷ്ടപ്പെട്ട സംഭാഷണം എഴുതി പൂർത്തിയാക്കുന്നു. കൂടാതെ സ്വന്തമായി സംഭാഷണം തയ്യാറാക്കിയും എഴുതണം.

**പോസ്റ്റർ നിർമ്മിക്കാം. പൂച്ചയും തവളയും പറയുന്നത് രണ്ടുപേർ ചേർന്ന് പറയുന്നു. ക്ലാസ് മുഴുവൻ പറയുന്നു. ലഘുചർച്ച നടത്തുന്നു.**

സചിത്രപുസ്തകത്തിലെ മലിനീകരണവുമായി ബന്ധപ്പെട്ട് കൊടുത്തിരിക്കുന്ന വാക്യങ്ങൾ വായിക്കുന്നു. അതുമായി ബന്ധപ്പെട്ട ഒരു പോസ്റ്റർ വ്യക്തിഗതമായി തയ്യാറാക്കുന്നു.

***(ശുചിത്വമുള്ള വീട്, ശുചിത്വമുള്ള നാട്)***

**ഫ്രെയിം 2: കൊളാഷ്**

പരിസരമലിനീകരണം, രോഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പത്രവാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് വരാനായി കുട്ടികളോട് ആവശ്യപ്പെടുന്നു. അധ്യാപികയും പരമാവധി ശേഖരിച്ചുവരുന്നു . കുട്ടികളെ ഗ്രൂപ്പുകളാക്കി അവർ ശേഖരിച്ച ചിത്രങ്ങൾ ചേർത്ത് കൊളാഷ് തയ്യാറാക്കുന്നതിന് നിർദേശം നൽകുന്നു.

(കൊളാഷ് എന്താണെന്ന് രണ്ടാം ക്ലാസിലെ കുട്ടികൾക്ക് അറിയണമെന്നില്ല ടീച്ചർ കുട്ടികൾക്ക് കൊളാഷിനെപ്പറ്റി കൃത്യമായ ധാരണ നൽകണം)

- ഗ്രൂപ്പുകൾ തയ്യാറാക്കിയ കൊളാഷ് പ്രദർശനം നടത്തുന്നു. ക്ലാസിന് പുറത്ത് നടത്തുന്നത് ഉചിതമായിരിക്കും.
- ഈ ചിത്രങ്ങൾ നിങ്ങളോട് പറയുന്നതെന്താണ്?
  കുട്ടികളുമായി ചർച്ച നടത്തുന്നു

പേജ് 46

(സ്വതന്ത്രപ്രതികരണം)

- ഏതൊക്കെ രോഗങ്ങളെകുറിച്ചാണ് പത്രവാർത്തകളിൽ പറയുന്നത്?
- എല്ലാ രോഗങ്ങളും പകരുന്നവയാണോ?
- പകരുന്ന രോഗങ്ങൾ ഏതൊക്കെയാണ്?
- പകരാത്ത രോഗങ്ങൾ ഏതൊക്കെയാണ്?

കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ഉറക്കെ പറഞ്ഞുകൊണ്ട് ചാർട്ടിൽ/ ബോർഡിൽ എഴുതുന്നു. സചിത്രപുസ്തകത്തിലെ നിർദ്ദിഷ്ട പേജിൽ കുട്ടികൾ വ്യക്തിഗതമായി കൊളാഷിന് അടിക്കുറിപ്പ് എഴുതുന്നു (അടിക്കുറിപ്പ്: ചർച്ചയിലൂടെയും ചിത്രവായനയിലൂടെയും ലഭിച്ച ആശയങ്ങൾ സ്വാംശീകരിച്ച് ഒന്നോ രണ്ടോ വാക്യങ്ങളായി എഴുതണം)

- പിന്തുണ നടത്തത്തിലൂടെ ആവശ്യമുള്ളവർക്ക് സഹായം നൽകണം.
- വാക്കകലം , ഘടന എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം
- നല്ല മാതൃകകൾ ഹൈലൈറ്റ് ചെയ്യണം

**ഫ്രെയിം 3: തീറ്റയോട് തീറ്റ**

സചിത്ര പുസ്തകത്തിൽ ചിത്രത്തിന് നിറം നൽകുന്നു. കുട്ടികളും ടീച്ചറും ചേർന്ന് ചിത്രത്തെ വ്യാഖ്യാനിക്കുന്നു വിശദീകരിക്കുന്നു

പാഠഭാഗത്തിന്റെ ഓഡിയോ കേൾപ്പിച്ച് TPR രീതിയിലൂടെ ഈ ഭാഗം അഭിനയിച്ച് വിനിമയം ചെയ്യുന്നു.

*(തീറ്റയോടു തീറ്റ എന്നുതുടങ്ങുന്നതു മുതൽ ആളുകൾ തമ്മിൽ തമ്മിൽ പറയാൻ തുടങ്ങി എന്നതു വരെ)*

പാഠരൂപീകരണം :

ആരുടെ ചിത്രമാണിത് ?

രാജാവ് എന്താണ് ചെയ്യുന്നത്?

**തീറ്റയോട് തീറ്റ**

- സന്നദ്ധയെഴുത്ത്
- വാക്കകലം, ഘടന എന്നിവ പാലിക്കൽ
- പിന്തുണ നടത്തം



പേജ് 47

രാജാവ് എങ്ങനെയാണ് തിന്നുന്നത്? (സ്വതന്ത്ര പ്രതികരണം)

വയറുനിറയെ തിന്നും അല്ലെ?

**കുമ്പനിറയെ വാരിവലിച്ച് തിന്നും**

സദാസമയവും രാജാവിന് തീറ്റ. അങ്ങനെയെങ്കിൽ എന്ത് സംഭവിക്കും?

മറ്റു കാര്യങ്ങൾ ചെയ്യാൻ രാജാവിന് സമയമുണ്ടോ?

കുട്ടികൾ പേജ് 47 വായിച്ച് കണ്ടെത്തി പറയുന്നു.

കുമ്പനിറയെ തിന്നുതിന്ന് രാജാവിന് പിന്നീട് എന്ത് സംഭവിച്ചു?

**കുളിയും ഉറക്കവും കഷ്ടി**

എന്നിട്ടോ?

പേജ് 48 ആദ്യഭാഗം വായിച്ച് ഉത്തരം കണ്ടെത്തിപ്പറയുന്നു

**പെരുവയറൻ രാജാവ് നാടുമുടിക്കും**

**ആളുകൾ തമ്മിൽ പറയാൻ തുടങ്ങി**

**എഡിറ്റിംഗ്:**

പാഠഭാഗത്തിന്റെ പുനർവായനയിലൂടെ കുട്ടികൾ എഴുതിയത് ശരിയാണോയെന്ന് പരിശോധിക്കുന്നു. സ്വയം തിരുത്തി വീണ്ടും എഴുതുന്നു.

സചിത്രപുസ്തകത്തിൽ ഫ്രെയിം മൂന്ന് പൂർത്തിയാക്കുന്നു.

**ഫ്രെയിം 4: ചീർത്ത് ചീർത്ത്**

സചിത്രപുസ്തകത്തിൽ ചിത്രത്തിന് നിറം നൽകുന്നു. ചിത്രവ്യാഖ്യാനം നടത്തുന്നു. മുമ്പത്തെ ഫ്രെയിമിൽ നൽകിയ ചിത്രവും ഈ ചിത്രവും താരതമ്യം ചെയ്തുകൊണ്ട് പാഠരൂപീകരണം നടത്തുന്നു. (ശരീരം ചീർത്തു ചീർത്ത് വന്നുതുടങ്ങി പരിശോധിച്ച് മരുന്ന് നൽകി വരുന്നു)

- എല്ലായ്പ്പോഴും തിന്നുതിന്ന് രാജാവിന്റെ ശരീരത്തിന് എന്തു സംഭവിച്ചു?
  (വണ്ണം വെച്ചു എന്നായിരിക്കും കുട്ടി പറയുന്നത്. ചീർത്തു എന്ന പദം ലഭിക്കാനായി പാഠഭാഗം വായിക്കാൻ ആവശ്യപ്പെടുന്നു.)

**ശരീരം ചീർത്തുചീർത്ത് വന്നു**

- ശരീരം ചീർത്തുവന്നാൽ എന്തു സംഭവിക്കും? ചിത്രം നോക്കിപ്പറയൂ.

**അനങ്ങാൻ പോലും വയ്യാതെ കിടപ്പിലായി.**

- അസുഖം വന്ന് അനങ്ങാൻ പോലും വയ്യാതെ കിടപ്പിലായി. അസുഖം വന്നാൽ എന്തു ചെയ്യും? കുട്ടികൾക്ക് സ്വതന്ത്ര പ്രതികരണത്തിന് അവസരം നൽകുന്നു.
- ഒരു വൈദ്യന്റെ ചികിത്സകൊണ്ട് ഭേദമായില്ലെങ്കിലോ?
  പാഠഭാഗം വായിച്ചു കണ്ടെത്തി എഴുതാമോ.

**വൈദ്യന്മാർ മാറിമാറി ചികിത്സിച്ചു.**

**അസുഖത്തിന് ഒരു കുറവും വന്നില്ല.**

- അവസാനം ഒരു വൈദ്യൻ വന്നു. ആരാണത്?

ചിത്രം നോക്കൂ.

- പാഠഭാഗം വായിച്ച് കണ്ടെത്തി എഴുതുന്നു.

**വൈദ്യൻ വീരബാഹു വന്ന് പരിശോധിച്ചു മരുന്നു നൽകി.**

**പദകേളി**

ചീർത്തുചീർത്ത്
മാറിമാറി
തിന്നുതിന്ന്
തഴിയ്ത്തഴിയ്

ഈ പ്രയോഗങ്ങൾ എഴുതിയ നറുക്കുകൾ കുട്ടികൾക്ക് നൽകുന്നു. ഒരേ നറുക്ക് കിട്ടിയവർ ഒരു ഗ്രൂപ്പാകുന്നു. ലഭിച്ച നറുക്കിലെ പ്രയോഗങ്ങൾ ഗ്രൂപ്പുകൾ അഭിനയിച്ചു കാണിക്കുന്നു. മറ്റു ഗ്രൂപ്പുകൾ പ്രയോഗമേതെന്ന് കണ്ടെത്തണം. തുടർന്ന് സമാനമായ പ്രയോഗങ്ങൾ കണ്ടെത്തുന്നു. ഗ്രൂപ്പുകൾ കണ്ടെത്തിയവ അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. സചിത്രപുസ്തകത്തിൽ പ്രയോഗങ്ങൾ എഴുതുന്നു.

| | | |
|---|---|---|
| നോക്കി നോക്കി | കരഞ്ഞുകരഞ്ഞ് | ചാടിച്ചാടി |
| കണ്ടുകണ്ട് | ഓടിയോടി | നീന്തിനീന്തി |
| മുങ്ങിമുങ്ങി | തെന്നിത്തെന്നി | പറഞ്ഞുപറഞ്ഞ് |

**ഫ്രെയിം 5: ചിത്രകഥ**

വീരബാഹു രാജാവിനെ പരിശോധിച്ചു മരുന്നു നൽകി. എങ്കിലും രോഗം മാറിയില്ല. വീണ്ടും വന്നപ്പോൾ വൈദ്യൻ രാജാവിനോട് ചില കാര്യങ്ങൾ ഉപദേശിച്ചു. അതെന്താണെന്ന് അറിയണ്ടേ? പാഠഭാഗം പേജ് 49 വായിക്കുന്നു. വായനയിലൂടെ മനസിലാക്കിയകാര്യങ്ങൾ കുട്ടികൾ പറയുന്നു. ടീച്ചർ പിന്തുണവേണം. സചിത്രപുസ്തകത്തിലെ ചിത്രത്തിന് നിറം നൽകുന്നു. ചിത്രകഥ എഴുതി പൂർത്തിയാക്കുന്നു. കഥയ്ക്ക് നല്ലൊരു പേരും നൽകുന്നു. (പേജ് 50, 51 വായന നടത്തുന്നു.)

- സന്നദ്ധവായന
- സംയുക്തവായന
- താളാത്മകവായന

എന്നിവയിലൂടെ ആശയഗ്രഹണം നടക്കുന്നുവെന്ന് ടീച്ചർ ഉറപ്പുവരുത്തുന്നു.

സചിത്രപുസ്തകത്തിലെ നിർദ്ദിഷ്ട പേജ് ചിത്രകഥ പ്രവർത്തനം പാഠഭാഗത്തിന്റെ സഹായത്തോടെ കുട്ടികൾ എഴുതി പൂർത്തിയാക്കുന്നു.

- കുട്ടികൾ സചിത്രപുസ്തകം പരസ്പരം കൈമാറി വായിക്കുന്നു.
- സ്വന്തം രചനയെ വിലയിരുത്തുന്നു
- ടീച്ചർ മികച്ച മാതൃകകൾ ഹൈലൈറ്റ് ചെയ്യുന്നു.

**ഫ്രെയിം 6 :**

പിന്നീട് രാജാവിന് എന്ത് സംഭവിച്ചു?

ടെക്സ്റ്റ്ബുക്ക് പേജ് നമ്പർ 50, 51

- സന്നദ്ധവായന
- ചങ്ങലവായന
- സംയുക്തവായന
- കണ്ടെത്തൽവായന

തുടങ്ങിയ വായനാതന്ത്രങ്ങളിലൂടെ ആശയ ഗ്രഹണം സാധ്യമാകു. വായിച്ചു ഗ്രഹിച്ച ആശയം ഉൾപ്പെടുത്തി സചിത്ര പുസ്തകത്തിൽ വ്യക്തിഗതമായി എഴുതുന്നു. സഹായം ആവശ്യമുള്ളവർക്ക് പിന്തുണ നൽകുന്നു

- പുനർവായന
- കൂട്ടിച്ചേർക്കൽ
- പരസ്പരം കൈമാറി വായന
- മെച്ചപ്പെടുത്തിയ എന്റെ കുറിപ്പ്

മികച്ച മാതൃകകൾ ഹൈലൈറ്റ് ചെയ്യുന്നു.

**ഫെയിം 7: അരങ്ങ്**

പാഠഭാഗം നാടകമാക്കി അവതരിപ്പിക്കുകയാണ് ഈ ഘട്ടത്തിൽ ചെയ്യുന്നത്. ക്ലാസിലെ മുഴുവൻ കുട്ടികളെയും മൂന്നു ഗ്രൂപ്പുകളാക്കി തിരിക്കുന്നു. പാഠഭാഗത്തെ മൂന്ന് ഭാഗമാക്കി തിരിച്ച് വായനക്കായി നൽകുന്നു

- പാഠഭാഗവായന
- കഥാപാത്രങ്ങളെ നിശ്ചയിക്കൽ
- സ്ക്രിപ്റ്റ് തയ്യാറാക്കൽ
- എഡിറ്റിംഗ്
- റിഹേഴ്സൽ

(നാടകം എന്നത് രണ്ടാം ക്ലാസിലെ കുട്ടിയെ സംബന്ധിച്ച് പുതിയൊരു ആവിഷ്കാരരൂപമാണ്. അതുകൊണ്ട് ഓരോ ഘട്ടത്തിലും ടീച്ചറുടെ പിന്തുണയും സഹായവും ഉറപ്പാക്കണം.)

- അവതരണരീതി നിശ്ചയിക്കൽ
- നോട്ടീസ് തയ്യാറാക്കി മാധ്യമങ്ങളിലൂടെ പ്രചരണം നടത്തൽ
- വേഷവിധാനം തീരുമാനിക്കൽ
- രംഗസജ്ജീകരണം
- അവതരണം
- കുട്ടികളുടെ അവതരണം സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കൽ

*വീരബാഹു രാജാവിനോട് പറയുന്ന നിർദ്ദേശങ്ങൾ ക്ലാസ്സിൽ വിളംബരം ചെയ്യുന്ന രീതിയിൽ അവതരിപ്പിക്കാം.*

*പാട്ടരങ്ങിൽ ഉൾപ്പെടുത്തി താളത്തിലും ഈണത്തിലും പാടി അവതരിപ്പിക്കാം.*